നം.കെ.എസ്.എ.പി.റ്റി.എ.പി-10/1384/2016 തീയതി:04.01.2017

# പത്തനംതിട്ട ജില്ലയിലെ കലഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പത്തനംതിട്ട ജില്ലയിലെ കലഞ്ഞൂർ ഗ്രാമപ്പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 13.07.2015 മുതൽ 30.11.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ. |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.12.16 മുതൽ 16.12.16 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.അനിൽ കുമാർ C | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീമതി.സൂര്യപ്രഭ P.C | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.മഹേഷ് കുമാർ കെ.ആർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.സുനിൽ കുമാർ U.S | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | *ശ്രീമതി.രമണി ശ്രീധർ* | 01.04.2015 മുതൽ 31.10.2015 വരെ |
| | അഡ് മിനിസ്ട്രേറ്റീവ് കമ്മറ്റി | 01.11.2015 മുതൽ 11.11.2015 വരെ |
| | ശ്രീ.സജീവ്.R | 12.11.2015 മുതൽ 31.03.16 വരെ |
| സെക്രട്ടറി | ശ്രീ.ഹാഷിം A | 01.04.15 മുതൽ 21.07.15 വരെ |
| | ശ്രീ.രാജേഷ് S.S | 22.07.2015 മുതൽ 31.03.16 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | തനതുവരുമാനം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-9 |
| ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 10 | വസ്തുനികുതി പരിഷ്കരണം സമയബന്ധിതമായി പൂർത്തിയാക്കിയില്ല | 2-1 |
| 11 | ഡിമാന്റ് ചെയ്ത വസ്തു നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച | 2-2 |
| 12 | വിമുക്തഭടൻമാർക്ക് വസ്തു നികുതി ഇളവ്; സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 2-3 |
| 13 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല ; പഞ്ചായത്തിനു വരുമാനനഷ്ടം | 2-4 |
| 14 | പഞ്ചായത്തിന്റെ അനുമതിയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടിയെടുക്കുന്നില്ല്ല | 2-5 |
| 15 | തൊഴിൽനികുതി ഈടാക്കിയില്ല-വരുമാന നഷ്ടം | 2-6 |
| 16 | ഡിമാന്റ് നോട്ടീസ് നൽകാതെ വ്യാപാരികളിൽ നിന്നും തൊഴിൽനികുതി ഈടാക്കി-വരുമാന നഷ്ടം | 2-7 |
| 17 | പരസ്യ നികുതി ഈടാക്കുന്നില്ല – തനത് വരുമാന നഷ്ടം | 2-8 |
| ഭാഗം 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 18 | പ്രോജക്'ട് നിർവ്വഹണത്തിൽ വീഴ്ച-ഗ്രാമപഞ്ചായത്തിന് നഷ്ടമായത് 2.72 കോടി രൂപ | 3-1 |
| 17 | വികസന ഫണ്ട് -പ്രോജക്ടിന് വകയിരുത്തിയതിൽ കുറവ് വന്നത് 1.1കോടി രൂപ | 3-2 |
| 18 | അവധിയിലായിരുന്ന ജനപ്രതിനിധിയ്ക്ക് ഓണറേറിയം നൽകി | 3-3 |
| 19 | മാസ/ത്രൈമാസ പരിധി ബാധകമാക്കാതെ ജനപ്രതിനിധികൾക്ക് യാത്രബത്ത നൽകുന്നു | 3-4 |
| 20 | ഖരമാലിന്യ സംസ്കരണം-ബയോഗ്യാസ് പ്ളാന്റ് സ്ഥാപിക്കൽ പദ്ധതിയിൽ വിവിധ ഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു. | 3-5 |
| 22 | തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കാനായി 10.28 ലക്ഷം രൂപ അടവാക്കിയെങ്കിലും KSEB | 3-6 |

| | | |
|---|---|---|
| | മീറ്ററുകൾ സ്ഥാപിച്ചില്ല. | |
| 23 | നിലവിലില്ലാത്ത തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് ഒടുക്കുന്നു;പ്രതിവർഷ നഷ്ടം 6.29 ലക്ഷം രൂപ | 3-7 |
| 24 | പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന എസ്.സി വിദ്യാർത്ഥിയ്ക്ക് ധനസഹായം നൽകിയതിൽ ഇരട്ടിപ്പ് | 3-8 |
| 25 | മീഡിയാശ്രീ - പണം കൈമാറി; പദ്ധതി നടപ്പായില്ല | 3-9 |
| 26 | ഐ.എ.വൈ. ധനസഹായം (എസ്.സി.പി) ; വിനിയോഗരേഖ ഹാജരാക്കിയില്ല | 3-10 |
| 27 | പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് പഠനോപകരണങ്ങൾ- പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകങ്ങൾ | 3-11 |
| 28 | ഉന്നതപഠനം നടത്തുന്ന എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്- പട്ടികജാതി വികസന വകുപ്പ് മുഖേന ആനുകൂല്യം ലഭിച്ചിട്ടില്ല എന്നുറപ്പുവരുത്തിയില്ല | 3-12 |
| 29 | കാഞ്ഞിരം മുകൾ കുടിവെള്ള പദ്ധതി; തിരികെ ലഭിക്കാനുള്ളത് 4.3 ലക്ഷം രൂപ | 3-13 |
| 30 | സാമൂഹ്യനീതി വകുപ്പിന്റെ പദ്ധതി നടപ്പിലാക്കിയത് ഹെഡ്മിസ്ട്രസ് | 3-14 |
| 31 | ഭക്ഷണ വിതരണ പ്രോജക്റ്റിന് തനത്ഫണ്ട് വകയിരുത്തി | 3-15 |
| 32 | പത്താംതരം തുല്യതാ പഠനം-ആവശ്യത്തിലധികം തുക സാക്ഷരതാ മിഷന് കൈമാറി | 3-16 |
| 33 | വെറ്ററിനറി സർജന്റെ സാക്ഷ്യപത്രം ഇല്ലാതെ സബ്സിഡി ആനുകൂല്യം നൽകി | 3-17 |
| 34 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനും സ്ട്രീറ്റ് ലൈൻ സ്ഥാപിക്കുന്നതിനും KSEB യ്ക്ക് 6 ലക്ഷം രൂപ നൽകി.പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല. | 3-18 |
| 35 | PWD ഇലക്ട്രിക്കൽ വിംഗ് മുഖേന നടപ്പാക്കുന്ന വിവിധ വൈദ്യുതീകരണ പ്രവൃത്തികളുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല. | 3-19 |
| 36 | റോഡ് കോൺക്രീറ്റിംഗിന് സിമന്റ് വാങ്ങിയതിന് കൺവീനർമ്മാർ സമർപ്പിച്ച ബില്ലുകളിൽ നിന്നും അധികമായി നിരക്ക് നൽകി. | 3-20 |
| 37 | 1:2:4 റോഡ് കോൺക്രീറ്റിംഗ്- അധിക നിരക്ക് നൽകിയതുമൂലം പഞ്ചായത്തിന് നഷ്ടമായത് 3.97ലക്ഷം രൂപ | 3-21 |
| 38 | ഗുണഭോക്തൃസമിതിയ്ക്ക് കമ്പി വിലയിനത്തിൽ അധിക തുക നൽകി | 3-22 |
| 39 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി കൈപ്പറ്റിയതിന്റെ ഔദ്യോഗിക രസീത് ഇല്ല | 3-23 |
| 40 | സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ റോഡ് മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു | 3-24 |

| | | |
|---|---|---|
| 41 | പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ് - പി.വി.സി. സീലിംഗിന് അധിക നിരക്ക് നൽകിയത് അംഗീകരിക്കുന്നില്ല | 3-25 |
| 42 | കൂടൽ പി.എച്ച്.സി മെയിന്റനൻസ് - അധിക നിരക്ക് നൽകിയത് അംഗീകരിക്കുന്നില്ല | 3-26 |
| 43 | അലൂമിനിയം ട്രഫോർഡ് ഷീറ്റിംഗ് റൂഫിംഗ്- അധിക നിരക്ക് നൽകിയത് അംഗീകരിക്കുന്നില്ല | 3-27 |
| | ഭാഗം- 4 ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും | |
| 44 | സംയുക്ത പ്രൊജക്ടുകൾ | 4-1 |
| 45 | ഡെപ്പോസിറ്റ് വർക്കുകൾ | 4-2 |
| 46 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 47 | വായ്പാ തിരിച്ചടവ് | 4-4 |
| 48 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 49 | ഓഡിറ്റ് റിക്കവറി | 4-6 |
| 50 | സമാഹൃതറിപ്പോർട്ടിൽഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 51 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 52 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |

# ഭാഗം 1

## പൊതു അവലോകനം

## (1-1) ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയതിന്റെ വിവരം | |
|---|---|
| ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പാസ്സാക്കിയ തിയ്യതി | 09-03-2015 |
| ബജറ്റ് ജനറൽ കമ്മറ്റി പാസ്സാക്കിയ തിയ്യതി | 17-03-2015 |

| *ബഡ്ജറ്റ് പ്രകാരമുള്ള വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)* | *ബഡ്ജറ്റ് പ്രകാരമുള്ള ചെലവ്* | *യഥാർത്ഥ വരവ്* | *യഥാർത്ഥ ചെലവ്* |
|---|---|---|---|
| 251898932 | 248648932 | 50753649 | 75678401 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമില്ല. പെരുപ്പിച്ച മതിപ്പ് വരവ് ചെലവുകൾ, സ്ഥാപനത്തിലെ ഉചിതമായ രീതിയിലുള്ള ധനകാര്യ ആസൂത്രണത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്. അടുത്ത സാമ്പത്തികവർഷം സ്ഥാപനത്തിന് ലഭിക്കാനുള്ള തനത് വരവിനങ്ങളെ സമഗ്രമായി അപഗ്രഥിച്ചുവേണം ബജറ്റിൽ പ്രതീക്ഷിത വരവ് തുക കണക്കാക്കാൻ. എന്നാൽ ഉപ്രകാരം ചെയ്യാതിരുന്നതിനാൽ ബജറ്റിൽ വിഭാവനം ചെയ്തിരുന്നതുപോലെ തനതു വരുമാനം ആർജ്ജിക്കാൻ സ്ഥാപനത്തിന് സാധിച്ചിട്ടില്ല. ബജറ്റിനോട് ഗൗരവപൂർണ്ണമായ സമീപനം സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## (1-2) വാർഷിക ധനകാര്യപത്രിക

| *വർഷം* | *ലഭിക്കേണ്ട തീയതി* | *ലഭിച്ച തീയതി* |
|---|---|---|

| | | |
|---|---|---|
| 2015-16 | 15.05.2016 | 16.07.2016 |

വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

1) ബില്ലുകളിൽ നിന്നും കുറവ് ചെയ്ത ഒടുക്കുന്ന 'വാറ്റ്', ആദായനികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവയുടെ വിവരം അക്കൗണ്ട്സിൽ കാണിക്കുന്നില്ല.

2) പഞ്ചായത്തിന്റെ അധീനതയിലുള്ള എല്ലാ ആസ്തികളും B11 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

## (1-3) സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | *2015-16* |
|---|---|
| മുന്നിരിപ്പ് | 40874467 |
| വരവ് | 50753649 |
| ആകെ | 91627530 |
| ചെലവ് | 75678401 |
| നീക്കിയിരിപ്പ് | 15949129 |

## (1-4) ഫണ്ട് വിനിയോഗം

| ഫണ്ടിനം | *മുൻ ബാക്കി* | *വരവ്* | *ട്രാൻസ്ഫർ ക്രഡിറ്റ്* | *ആകെ* | *ചെലവ്* | *ട്രാൻസ്ഫർ ക്രഡിറ്റ്* | *നീക്കിയിരിപ്പ്* |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 2340690 | 3098633 | 10327325 | 15766648 | 15766648 | 0 | 0 |
| വികസനഫണ്ട് എസ്.സി.പി. | 3927264 | 5426777 | 0 | 9354041 | 8954234 | 399807 | 0 |
| വികസനഫണ്ട്-ടി.എസ്.പി. | 78500 | 133500 | 0 | 212000 | 133500 | 78500 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 7183446 | 8961999 | 0 | 16145445 | 16145445 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡിതരം | 3871001 | 1709054 | 0 | 5580055 | 5580055 | 0 | 0 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4417850 | 10744195 | 0 | 15162045 | 9062066 | 6099979 | 0 |
| കെ. എൽ.ജി. എസ്.ഡി.പി | 4742903 | 3390542 | 0 | 8133445 | 4384406 | 3749039 | 0 |

## (1-5) തനതു വരുമാനം

| ഇനം | 2014-15 | 2015-16 | വർദ്ധനവ്/കുറവ് |
|---|---|---|---|
| നികുതി വരവുകൾ | 4343006 | 3835005 | -508001 |
| നികുതിയേതര വരവുകൾ | 1250667 | 1010394 | -240273 |
| മറ്റു വരവുകൾ | 406808 | 630560 | +223752 |
| ആകെ | 6000481 | 5475959 | -524522 |

## (1-6) പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

2015-16

| ഇനം | മേഖല | പദ്ധതികളുടെ എണ്ണം | | തുക | |
|---|---|---|---|---|---|
| | | ആവിഷ്കരിച്ചത് | നടപ്പിലാക്കിയത് | അടങ്കൽ | ചെലവ് |
| ജനറൽ | ഉല്പാദനം | 16 | 14 | 9804368 | 3961226 |
| | സേവനം | 63 | 36 | 20836706 | 13344976 |
| | പശ്ചാത്തലം | 183 | 164 | 39519964 | 34131229 |
| എസ്.സി.പി | ഉല്പാദനം | 3 | 3 | 1601000 | 484240 |
| | സേവനം | 12 | 9 | 6301220 | 4947531 |
| | പശ്ചാത്തലം | 26 | 19 | 5423060 | 3643203 |
| റ്റി.എസ്.പി | ഉല്പാദനം | 0 | 0 | 0 | 0 |
| | സേവനം | 1 | 1 | 133500 | 133500 |
| | പശ്ചാത്തലം | 0 | 0 | 0 | 0 |
| ആകെ | | 304 | 246 | 83619818 | 60645905 |

## (1-7) സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2015-16-ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്ത് പെൻഷൻ അനുവദിച്ചത് | നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 6 | 4 | 2 |
| 3 | വിധവാ പെൻഷൻ | 98 | 93 | 5 |
| 4 | വികലാംഗ പെൻഷൻ | 15 | 15 | 0 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2 | 2 | 0 |
| 6 | വാർദ്ധക്യകാല പെൻഷൻ | 44 | 40 | 4 |
| | ആകെ | 165 | 154 | 11 |

പെൻഷൻ ഇനത്തിൽ തൻവർഷമുണ്ടായ ചെലവുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 147 | 2008080 |
| 2 | വിധവാ പെൻഷൻ | 829 | 13621440 |
| 3 | വികലാംഗ പെൻഷൻ | 209 | 4001090 |

| | | | |
|---|---|---|---|
| 4 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 21 | 280400 |
| 5 | വാർദ്ധക്യകാല പെൻഷൻ | 397 | 5967450 |
| | ആകെ | 1603 | 25878460 |

## (1-8) ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.12.2016ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.16593/-രൂപ ക്യാഷ് ബാലൻസിന്റെ / നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## (1-9) മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *അവസാനം ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് ലഭിച്ച തീയതി* |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.10.2016മുതൽ 06.10.2016 വരെ | 01.08.2016മുതൽ 30.09.2016 വരെ | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.03.2015 മുതൽ 26.03.2015 വരെ | 2009-10 മുതൽ 2013-2014 വരെ | 19.06.2015 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## (2-1) വസ്തുനികുതി പരിഷ്കരണം സമയബന്ധിതമായി പൂർത്തിയാക്കിയില്ല

14-01-2011 ലെ സ.ഉ.(അ).നം. 19/11/തസ്വഭവ നംപർ ഉത്തരവ് പ്രകാരം 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളും 13-3-2013 ലെ സ.ഉ.(പി). നം. 88/13/തസ്വഭവ നംപർ ഉത്തരവ് പ്രകാരം കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങളും പുറപ്പെടുവിച്ചിരുന്നു. ഗ്രാമ പഞ്ചായത്തിലെ രേഖകൾ പരിശോധിച്ചതിൽ 12223 കെട്ടിടങ്ങളുടെ ബേസ് ഡേറ്റാ എൻട്രി പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ 11787കെട്ടിടങ്ങളുടെ ഫോം 6ഡേറ്റാ എൻട്രി പൂർത്തിയാക്കി ഡിമാന്റ് നോട്ടീസ് അയച്ചിട്ടുണ്ട്. തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പുതിയ നംപർ പ്രകാരം അസ്സസ്സ് ചെയ്യുകയും സഞ്ചയ സോഫ്റ്റ് വെയർ തുടങ്ങാത്തതിനാൽ മാനവൽ ആയി ചെയ്ത എല്ലാ അസ്സസ്സ് മെന്റുകളുടേയും ഫോറം 6 ചെയ്യുവെന്നത് ഉറപ്പാക്കേണ്ടതുണ്ട്.

1-4-2013 മുതൽ പുതുക്കിയ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ 16-12-2015 ലെ സ.ഉ.(എം.എസ്) നംപർ 358/15/തസ്വഭവ ആയി സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് 'സഞ്ചയ' സോഫ്റ്റ്വെയറിന്റെ ഡാറ്റാബേസിലുള്ള വിവരങ്ങൾക്ക് ആവിശ്യമായ മാറ്റം അടിയന്തിരമായി വരുത്തണമെന്നും നികുതി നിർണ്ണയ നടപടികൾ 2015 ഡിസംബർ 31 നകം പൂർത്തീകരിക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടില്ല. എല്ലാ കെട്ടിടങ്ങളുടേയും ഡേറ്റാ എൻട്രി പൂർത്തിയായിട്ടുണ്ടെന്നത് വാർഡുകളുടെ ചുമതലയുള്ള ക്ലാർക്കുമാർ ഉറപ്പാക്കേണ്ടതും വസ്തു നികുതി പരിഷ്കരണ നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## (2-2) ഡിമാന്റ് ചെയ്ത വസ്തു നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച

2015-16 വർഷം ഡിമാന്റ് ചെയ്ത വസ്തു നികുതി (കുടിശ്ശിക ഒഴികെ) പിരിച്ചെടുക്കുന്നതിൽ വലിയ വീഴ്ച അധികൃതരുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ അഞ്ചു വർഷത്തെ വസ്തു നികുതി പിരിവ് പരിശോധിച്ചതിൽ പിരിവ് ശതമാനം(39%) ഏറ്റവും കുറഞ്ഞത് തൻവർഷമാണ്. വിശദാംശം താഴെ കൊടുക്കുന്നു.

| വർഷം | ഡിമാന്റ് തുക | പിരിവ് തുക | പിരിവ് ശതമാനം |
|---|---|---|---|

| | | | |
|---|---|---|---|
| 2010-11 | 1102670 | 690706 | 62.6 |
| 2011-12 | 1834148 | 946408 | 51.5 |
| 2012-13 | 1521871 | 1084453 | 71 |
| 2013-14 | 1799850 | 1341932 | 74 |
| 2014-15 | 3469756 | 1797525 | 51 |
| 2015-16 | 3689651 | 1457856 | 39 |

വസ്തു നികുതി പിരിവ് കാര്യക്ഷമമാക്കാൻ ക്യാംപ് കളക്ഷൻ നടത്തുക, ദിനപ്പത്രങ്ങൾ, പ്രദേശിക ചാനലുകൾ തുടങ്ങിയ മാധ്യമങ്ങളിലൂടെ അറിയിപ്പുകൾ നൽകുക എന്നിങ്ങനെയുള്ള മാർഗ്ഗങ്ങൾ ഒന്നും തന്നെ അധികൃതർ സ്വീകരിച്ചിട്ടില്ല. നികുതി ഈടാക്കാതെ കാലഹരണപ്പെട്ടാൽ ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ ബാധ്യതയാകുമെന്നതിനാൽ വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## (2-3) വിമുക്തഭടൻമാർക്ക് വസ്തു നികുതി ഇളവ്; സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

ജി.ഒ(എം.എസ്) 242/2013/തസ്വഭവ/02.07.2013 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കി നൽകിയിരിക്കുകയാണ്. സൂചിത ഉത്തരവ് പ്രകാരം 2000ചതുരശ്ര അടിയിൽ കവിയാത്ത വീടിനുമാത്രമാണ് ഇളവുള്ളത്. നികുതി ഇളവിനുള്ള അപേക്ഷ എല്ലാ സാമ്പത്തിക വർഷവും ഏപ്രിൽ 10ന് മുൻപ് നൽകേണ്ടതാണ്. മാത്രമല്ല മറ്റൊരു കെട്ടിടത്തിനും നികുതിയിളവ് ലഭിക്കുന്നില്ലെന്ന് സാക്ഷ്യപത്രവും നൽകണം. അപേക്ഷകൾ പരിശോധിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഇളവ് അനുവദിക്കുന്ന കെട്ടിടങ്ങളുടെ വിവരം സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. വിമുക്ത ഭടന്റെ ഡിസ്ചാർജ് സർട്ടിഫിക്കറ്റിലോ സർവ്വീസ് രേഖയിലോ ഇളവ് വിവരം രേഖപ്പെടുത്തി മുദ്രവച്ച് നൽകണം. ഈ നിബന്ധനകൾ ഒന്നും പാലിക്കാതെ വിമുക്ത ഭടൻമാരുടെ വസ്തു നികുതി അപേക്ഷകൾ പരിശോധിക്കുക പോലും ചെയ്യാതെ സൂക്ഷിക്കുന്ന സാഹചര്യമാണുള്ളത്. സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതും നിബന്ധനകൾക്കനുസൃതമായി മാത്രം വസ്തു നികുതിയിളവ് നൽകേണ്ടതുമാണ്.

## (2-4) മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല ; പഞ്ചായത്തിനു വരുമാനനഷ്ടം

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള മൊബൈൽടവറുകളുടെ വസ്തുനികുതി ഈടാക്കാത്തതിനാൽ പഞ്ചായത്തിന് ഗണ്യമായ വരുമാനനഷ്ടം ഉണ്ടാകുന്നു. ജി.ഒ.(ആർ.റ്റി) നം.19/2011 തസ്വഭവ തീയതി 14.01.2011 പ്രകാരം മൊബൈൽടവറുകൾക്ക് ഗ്രാമ പഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്ന വസ്തുനികുതി ച.മീറ്ററിന് 500 രൂപയാണ്. എന്നാൽ നാളിതുവരെ ഇതനുസരിച്ച് 2013-14 സാമ്പത്തിക വർഷത്തിന് മുമ്പ് നികുതി നിർണ്ണയം നടത്തിയ മൊബൈൽ ടവറുകളിൽ നിന്നൊന്നും തന്നെ പുതുക്കിയ നിരക്കിൽ വസ്തുനികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ രേഖകൾ പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള ടവറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നം/ കെട്ടിട നം | ടവറിന്റെ വിവരം | പ്ലിന്ത് ഏരിയ(ച.മീ) | നിർണ്ണയിച്ചിട്ടുള്ള നികുതി |
|---|---|---|---|
| V/501 | ഇൻഡസ് ടവർ | 27.9 | 15345/- |
| IX/666 | ഇൻഡസ് ടവർ | 13.14 | 7227/- |
| IX/585 | റിലയൻസ് | 20 | 11000/- |
| IX/586 | റിലയൻസ് | 10 | 5000/- |
| IX/587 | റിലയൻസ് | 10 | 5000/- |
| IX/588 | റിലയൻസ് | 12 | 6600/- |

| | | | |
|---|---|---|---|
| XVIII/840 | ഇൻഡസ് ടവേഴ്സ് | 31 | 15500/- |
| XI/482 | ഇൻഡസ് ടവേഴ്സ് | 15.52 | 9312 |
| IV/692 | ഇൻഡസ് ടവേഴ്സ് | 21.56 | 9702 |
| V/22 | ബി.എസ്.എൻ.എൽ | 22 | 12100 |
| V/24 | വൊഡാഫോൺ | 24 | 13200 |

മൊബൈൽടവറുകളുടെ വസ്തുനികുതി കുടിശ്ശിക സഹിതം അടിയന്തിരമായി പിരിച്ചെടുക്കേണ്ടതാണ്. നികുതി ഈടാക്കാതെ കാലഹരണപ്പെട്ടാൽ ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ ബാധ്യതയാകുന്നതാണ്.

## (2-5) പഞ്ചായത്തിന്റെ അനുമതിയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടിയെടുക്കുന്നില്ല്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസില്ലാതെ ഒരു വ്യാപാരമോ, വ്യവസായമോ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടത്തുവാൻ പാടില്ല എന്നിരിക്കെ ഇതിനു വിരുദ്ധമായി ലൈസൻസ് എടുക്കാതെയും, യഥാസമയം ലൈസൻസ് പുതുക്കാതെയോ നടത്തുന്ന അനധികൃത വ്യാപാരങ്ങൾക്കും, വ്യവസായങ്ങൾക്കും എതിരെ നടപടിയെടുക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വിമുഖത പുലർത്തുന്നു. തൻ വർഷം ലൈസൻസ് എടുത്ത 292 സ്ഥാപനങ്ങളിൽ 61 എണ്ണം മാത്രമാണ് ചട്ടപ്രകാരമുള്ള സമയത്തിനുള്ളിൽ അപേക്ഷ സമർപ്പിച്ച് ലൈസൻസ് എടുത്തിട്ടുള്ളത്. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണ്.നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ തൊട്ടടുത്തവർഷത്തെ ലൈസൻസ് എടുക്കുന്നുണ്ടെന്നും അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും ഉറപ്പുവരുത്തേണ്ടതാണ്.

## (2-6) തൊഴിൽനികുതി ഈടാക്കിയില്ല-വരുമാന നഷ്ടം

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204അനുസരിച്ച് 60 ദിവസത്തിൽ കുറയാതെ പഞ്ചായത്തിന്റെ പ്രദേശത്ത് തൊഴിലിലോ /ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താൻ വ്യവസ്ഥ ചെയ്യുന്നു . എന്നാൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട വർഷം |
|---|---|---|
| 1 | കോണ്ടൂർ ജംഗിൾ റിസോർട്ട്, പോത്തുപാറ | 2015-16 |
| 2 | താമരശ്ശേരി ആട്ടോമൊബൈൽസ്, കൂടൽ | 2014-15, 2015-16 |
| 3 | പിരമിഡ് ഗ്രാനൈറ്റ്,കുളത്തുമൺ | 2014-15, 2015-16 |
| 4 | യമഹാ സറ്റോഴ്സ്,കൂടൽ | 2014-15, 2015-16 |
| 5 | ത്രിവേണി മെഡിക്കൽ സ്ററർ, കലഞ്ഞൂർ | 2014-15, 2015-16, |
| 6 | കൺസ്യൂമർഫെഡ് സൂപ്പർമാർക്കറ്റ്,കലഞ്ഞൂർ | 2014-15, 2015-16 |
| 7 | നീതിസ്റ്റോർ,കലഞ്ഞൂർ | 2014-15, |

| | | | |
|---|---|---|---|
| | | | 2015-16, |

പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## (2-7) ഡിമാന്റ് നോട്ടീസ് നൽകാതെ വ്യാപാരികളിൽ നിന്നും തൊഴിൽനികുതി ഈടാക്കി-വരുമാന നഷ്ടം

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 205(ഇ) വകുപ്പ് പ്രകാരം, സെക്രട്ടറി ഓരോ വർഷവും ഏപ്രിൽ മാസത്തിൽ, നോട്ടീസ് വഴി ഓരോ ഓഫീസ് മേധാവിയോടും തന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ഓഫീസുകളുടെയോ സ്ഥാപനങ്ങളുടെയോ പേരുകളും മേൽവിലാസവും നോട്ടീസിൽ നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ നൽകുന്നതിന് ആവശ്യപ്പെടേണ്ടതും, വിവരങ്ങൾ കൈപ്പറ്റിയാലുടൻ, ആ ആവശ്യത്തിനായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ടി സ്ഥാപനങ്ങളുടെ പേര് രജിസ്റ്റർ ചെയ്യേണ്ടതുമാണ്. കൂടാതെ 205എഫ് വകുപ്പ് പ്രകാരം ഓരോ അർദ്ധവർഷവും മെയ് മാസത്തിലും നവംബർ മാസത്തിലും, നോട്ടീസ് വഴി, ഏതൊരു ഓഫീസ് മേധാവിയോടും തൊഴിലുടമയോടും, തന്റെ സ്ഥാപനത്തിലെ തൊഴിൽ നികുതി നൽകുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടേയും നികുതി തിട്ടപ്പെടുത്തുന്നതിനും അടയ്ക്കുന്നതിനും ആവശ്യപ്പെടേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് വ്യാപാര സ്ഥാപനങ്ങളിൽ നിന്നും മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് തൊഴിൽ നികുതി ഈടാക്കി വരുന്നത്. ഇക്കാരണത്താൽ വ്യാപാരസ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി പൂർണമായും ഈടാക്കിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നില്ല.

വ്യാപാരസ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായവരുടെ ലിസ്റ്റ് ആവശ്യപെട്ട് മുൻകൂർ നോട്ടീസ് നൽകി തൊഴിൽനികുതി പൂർണമായും പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## (2-8) പരസ്യ നികുതി ഈടാക്കുന്നില്ല – തനത് വരുമാന നഷ്ടം

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 പരസ്യ നികുതി ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. പരസ്യ നികുതി ചുമത്തുമ്പോൾ ഈടാക്കാവുന്ന കുറഞ്ഞ നിരക്ക് ജി.ഓ (പി) 128/02/ത.സ്വ.ഭ.വ/ 25.7.2002 (എസ്.ആർ.ഒ നമ്പർ 654/02) പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. മാതൃകാ ബൈലോ പഞ്ചായത്ത് ഡയറക്ടറുടെ 18.5.2005-ലെ സി5-15253/04 ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങി, പരസ്യനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് മുൻ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരുന്നു . 18.03.2015 ലെ IV(15)ആം നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രദർശിപ്പിക്കുന്ന പരസ്യങ്ങളിൻ മേൽ നികുതി ചുമത്താൻ പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചിരുന്നു. എന്നാൽ നാളിതുവരെ ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങി പരസ്യ നികുതി ഈടാക്കുന്നതിനുള്ള യാതൊരു നടപടിയും അധികൃതരുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിന് ലഭിക്കുമായിരുന്ന ഗണ്യമായ വരുമാനം അധികൃതരുടെ അനാസ്ഥ മൂലം നഷ്ടമാകുന്ന അവസ്ഥയാണ് നിലവിലുള്ളത്. പരസ്യനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## (3-1) പ്രോജക്ട് നിർവ്വഹണത്തിൽ വീഴ്ച- ഗ്രാമപഞ്ചായത്തിന് നഷ്ടമായത് 2.48 കോടി രൂപ

ഗ്രാമപഞ്ചായത്തിന് ലഭ്യമായ ഫണ്ടിന് ആനുപാതികമായി പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിലും നടപ്പിലാക്കുന്നതിലുമുണ്ടായ വീഴ്ച മൂലം 27242332 രൂപ നഷ്ടമായി. ആകെ അനുവദിച്ച അലോട്ട്മെന്റിൽ നിന്നും പ്രോജക്ടുകൾക്കായി ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ടായിരുന്ന തുകയാണ് 19.09.15-ലെ ജി.ഒ(പി) 419/2015/ഫിൻ നമ്പർ ഉത്തരവ് പ്രകാരം നഷ്ടമായത്. വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | (ട്രാൻസ്ഫർ ക്രഡിറ്റ് ഉൾപ്പടെ ലഭ്യമായ ആകെ മുന്നിരിപ്പ്) | തൻ വർഷം ലഭിച്ച അലോട്ട്മെന്റ് | ആകെ ലഭ്യമായ തുക | ചെലവഴിച്ചത് | നഷ്ടമായതുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2340690+ 10327325= 12668015 | 15662626 | 28330641 | 15766648 | 12563993 | 55.65 |
| വികസനഫണ്ട് എസ്.സി.പി. | 3927264 | 8852000 | 12779264 | 8954234 | 3825030 | 70.07 |
| റ്റി.എസ്.പി | 78500 | 55000 | 133500 | 0 | 133500 | 0 |
| സംരക്ഷണ ഗ്രാന്റ്- റോഡ് | 7183446 | 13513000 | 20696446 | 19272766 | 1423680 | 93.12 |
| സംരക്ഷണ ഗ്രാന്റ്(നോൺ റോഡ്) | 3871001 | 3303000 | 7174001 | 2452734 | 4721267 | 34.19 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4417850 | 6409980 | 10827830 | 9062066 | 1765764 | 83.69 |
| ലോകബാങ്ക് സഹായം | 4742903 | - | 4742903 | 4384406 | 358497 | 92.44 |
| ആകെ | 36888978 | 47795606 | 84684584 | 59892854 | 24791730 | 70.72 |

ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും വിവിധ സേവനങ്ങൾ നൽകുന്നതിനും ലഭ്യമായ തുക ഇപ്രകാരം നഷ്ടപ്പെട്ടത് പഞ്ചായത്തധികൃതരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.ഈ വിഷയത്തിലേക്ക് സർക്കാരിന്റെ അടിയന്തിരശ്രദ്ധ ക്ഷണിക്കുന്നു.

## (3-2) വികസന ഫണ്ട് -പ്രോജക്ടിന് വകയിരുത്തിയതിൽ കുറവ് വന്നത് 1.1 കോടി രൂപ

2015-16 വാർഷിക പദ്ധതിയിൽ ലഭ്യമായ മുഴുവൻ വികസന ഫണ്ടും(സാധാരണ വിഹിതം) വകയിരുത്തി പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടില്ല. 19.09.15-ലെ GO (P) No. 419/2015/Fin നം. ഉത്തരവ് പ്രകാരം 2015-16 വർഷം പൊതു വിഭാഗം വികസന ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുകയുൾപ്പടെ 28330641 രൂപ ഗ്രാമപഞ്ചായത്തിന് ലഭ്യമായിരുന്നുവെങ്കിലും 17238228രൂപ മാത്രം വകയിരുത്തിയാണ് പ്രോജക്ടുകൾ ആവിഷ്കരിച്ചത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഫണ്ടിനം | മുന്നിരിപ്പ് | ലഭിച്ച ആകെ അലോട്ട്മെന്റ് | പൊതു വിഭാഗം ഫണ്ടിലേയ്ക്ക് റ്റി.സി ചെയ്ത തുക | ആകെ ലഭ്യമായ തുക | വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുക | വകയിരുത്തിയതിൽ കുറവ് വന്നത് |
|---|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 2340690 | 15662626 | 10327325 | 28330641 | 17238228 | 11092413 |

ഓഡിറ്റ് വർഷം യഥാർത്ഥത്തിൽ ലഭ്യമായ തുകയുടെ അടിസ്ഥാനത്തിൽ പദ്ധതിക്ക് തുക വകയിരുത്താതിരുന്നത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ് . ആയതിന് അടിയന്തിരമായി വിശദീകരണം ലഭ്യമാക്കേണ്ടതാണ്.ഈ വിഷയം ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## (3-3) അവധിയിലായിരുന്ന ജനപ്രതിനിധിയ്ക്ക് ഓണറേറിയം നൽകി

ഗ്രാമപഞ്ചായത്തിലെ 17ാം വാർഡ് മെമ്പർ ആയിരുന്ന ശ്രീമതി മറിയാമ്മ ഫിലിപ്പ് കമ്മിറ്റിയുടെ അനുവാദത്തോടെ 11/2014, 12/2014, 1/2015 എന്നീ മാസങ്ങളിൽ അവധിയിലായിരുന്നു. ഈ മൂന്ന് മാസങ്ങളിലെ ഓണറേറിയം ആയ

10500/രൂപ (3500x3) , 1/3/15-ലെ 21401069 നംപർ വൗച്ചർ പ്രകാരം നൽകിയിട്ടുണ്ട്. സ.ഉ(പി).നം.186/2012/ത.സ്വ.ഭ.വ/ തീയതി:02.07.2012 പ്രകാരവും കേരള പഞ്ചായത്ത് രാജ് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും ) ചട്ടങ്ങളിലെ ചട്ടം 3 ബിയ്ക്ക് 2012-ൽ വന്ന ഭേദഗതി അനുസരിച്ചും ജനപ്രതിനിധികൾക്ക് അവധിയാകുന്ന കാലയളവിൽ ഓണറേറിയത്തിന് അർഹതയില്ല. അനർഹമായി കൈപ്പറ്റിയ 10500/- രൂപ പ്രസ്തുത വാർഡ് മെമ്പറിൽ നിന്നും തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്. ചട്ടപ്രകാരം മാത്രം ഓണറേറിയം അനുവദിയ്ക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## (3-4) മാസ/ത്രൈമാസ പരിധി ബാധകമാക്കാതെ ജനപ്രതിനിധികൾക്ക് യാത്രബത്ത നൽകുന്നു.

കേരള പഞ്ചായത്ത് രാജ് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും ) ചട്ടങ്ങളിലെ ചട്ടം 8(4) പ്രകാരം പഞ്ചായത്തിലെ ജനപ്രതിനിധികളുടെ യാത്രാ ബത്ത കേരള സർവ്വീസ് ചട്ടങ്ങൾ പ്രകാരം നിജപ്പെടുത്തേണ്ടതും സർക്കാർ അനുശാസിക്കുന്ന മാസ/ത്രൈമാസ പരിധി ബാധകമാകുന്നതുമാണ്. എന്നാൽ ഔദ്യോഗിക ആവശ്യങ്ങൾക്കായി ജില്ലവിട്ട് നടത്തുന്ന യാത്രകൾ മാസ/ത്രൈമാസ പരിധിയിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന നിബന്ധന 2012-ൽ നിലവിൽ വന്ന ഭേദഗതി പ്രകാരം ഒഴിവാക്കിയിരുന്നു. (സ.ഉ(പി).നം.186/2012/ത.സ്വ.ഭ.വ/തീയതി:02.07.2012 ). എന്നാൽ ചട്ടത്തിനുണ്ടായ ഭേദഗതി പരിഗണിയ്ക്കാതെ ജനപ്രതിനിധികൾക്ക് ഓണറേറിയം നൽകുന്നതായി കാണുന്നു. ജി.ഒ(പി)74/2012/ഫിൻ തീ.28.1.2012 പ്രകാരം അധികാര പരിധിയ്ക്ക് പുറത്ത് സംസ്ഥാന തലത്തിൽ നടത്തുന്ന യാത്രകൾക്ക് സംസ്ഥാന തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് നൽകുന്ന യാത്രാപ്പടി അനുവദിക്കാവുന്നതാണ്. എന്നാൽ മാസ പരിധി അനുവദനീയമായതിന്റെ 20%ൽ അധികരിക്കുവാൻ പാടില്ല. ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് 11/15 മുതൽ 2/16വരെയുള്ള യാത്രപ്പടി അനുവദിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| മാസം | അനുവദിച്ച ആകെ യാത്രപ്പടി | മാസപരിധി | മാസ പരിധി അധികരിച്ച് നൽകിയ തുക |
|---|---|---|---|
| 11/2015 | 2446 | 3500 +20% =4200 | 0 |
| 12/2015 | 7003 | | 2803 |
| 1/16 | 5392 | | 1192 |
| 2/16 | 4767 | | 567 |
| അധികം നൽകിയത് | | | 4562/- |

അധികം നൽകിയ തുക തിരികെ ക്രമീകരിക്കേണ്ടതും സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി ജനപ്രതിനിധികൾക്ക് യാത്രാ ബത്ത അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## (3-5) ഖരമാലിന്യ സംസ്കരണം-ബയോഗ്യാസ് പ്ളാന്റ് സ്ഥാപിക്കൽ പദ്ധതിയിൽ വിവിധ ഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

2014-15,2015-16 സാമ്പത്തിക വർഷങ്ങളിൽ ലക്ഷം രൂപ ചെലവഴിച്ച് ഖരമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി 112 ബയോഗ്യാസ് പ്ളാന്റുകൾ ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾക്കു നൽകിയിരുന്നു. സെക്രട്ടറിയായിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥൻ

ഗ്രാമപഞ്ചായത്തിൽ 0.5m3 പോർട്ടബിൾ ബയോഗ്യാസ് പ്ളാന്റ് 141 എണ്ണം സ്ഥാപിക്കുന്നതിന് 20.09.2012 ലെ 239/2012/139D ഉത്തരവു പ്രകാരം സംസ്ഥാന ശുചിത്വ മിഷൻ അംഗീകാരം നൽകിയിരുന്നു.50% ശുചിത്വമിഷൻ വിഹിതം, 25% വികസന ഫണ്ട്, 25% ഗുണഭോക്തൃ വിഹിതം എന്നതായിരുന്നു അംഗീകൃത പദ്ധതി.8500/- രൂപയാണ് 0.5m3 പോർട്ടബിൾ ബയോഗ്യാസിന് ശുചിത്വ മിഷൻ അംഗീകരിച്ച യൂണിറ്റ് കോസ്റ്റ്. 141 എണ്ണത്തിന് ആനുപാതികമായ ശുചിത്വ മിഷൻ വിഹിതം 599250/- രൂപ (4250/-*141) മുൻകൂറായി ഗ്രാമപഞ്ചായത്തിനു ലഭിച്ചിരുന്നു.

ടെണ്ടർ നടപടികൾ പ്രകാരം ഒരു യൂണിറ്റിന് 8480/- രൂപ ക്വോട്ട് ചെയ്ത കോട്ടയം, ചെങ്ങളം P.O, ദിനമിത്ര എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ഗ്രാമപഞ്ചായത്ത് കമ്മിറ്റി വർക്ക് ഓർഡർ നൽകുകയും ചെയ്തു (12.12.2014 ലെ 1-ാം നമ്പർ തീരുമാനം). ഇതു പ്രകാരം ഗുണഭോക്തൃ വിഹിതമായി 2120/- രൂപയായിരുന്നു കണക്കാക്കേണ്ടിയിരുന്നത്. എന്നാൽ യൂണിറ്റ് കോസ്റ്റ് പ്രകാരമുള്ള നിരക്കാണ് ഗുണഭോക്താക്കളിൽ നിന്നു വാങ്ങിയത്. 2014-15 ൽ 97 ഗുണഭോക്താക്കളിൽ നിന്നും 2125/- വീതം ആകെ 206125/- രൂപ ഗ്രാമപഞ്ചായത്ത് ഈടാക്കി. 2014-15 ൽ വികസന

ഫണ്ടിൽ നിന്നും അഡ്വാൻസായി 141 ഗുണഭോക്താക്കൾക്കായി 299625/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് തനതുഫണ്ടിൽ നിക്ഷേപിച്ചു. (ബിൽ നം.34/14-15;28.02.2015).

2015-16 ൽ പദ്ധതി സ്പിൽ ഓവറായി അംഗീകാരം വാങ്ങുകയും (പ്രൊജക്ട് നം.156/16) തനതു ഫണ്ടിൽ 200875/- രൂപ അധികമായി വകയിരുത്തുകയും ചെയ്തിരുന്നു.പദ്ധതിയിൽ 2015-16 വരെ 112 ബയോഗ്യാസ് പ്ളാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.ഇതിൽ നിന്നും വികസനഫണ്ടിൽ നിന്ന് അധികമായി 183025/- രൂപയും ശുചിത്വ മിഷൻ വിഹിതമായി 124220/- രൂപയും തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | തുക ലഭിച്ചത് | | | തുക ചെലവഴിച്ചത് | | | | ബാലൻസ് | | |
|---|---|---|---|---|---|---|---|---|---|---|---|
| | | ശുചിത്വ മിഷൻ | വികസന ഫണ്ട് | ഗുണഭോക്തൃ വിഹിതം | ശുചിത്വ മിഷൻ | വികസന ഫണ്ട് | ഗുണഭോക്തൃ വിഹിതം | തനതു ഫണ്ട് | ശുചിത്വ മിഷൻ | വികസന ഫണ്ട് | ഗുണഭോക്തൃ വിഹിതം |
| 2014-15 | 55 | 599250 | 299625 | 206125 | 233200 | 116600 | 116600 | | 124220 | | 485 |
| 2015-16 | 57 | | | 31875 | 241830 | 0 | 120915 | 120615 | | | |
| ആകെ | 112 | 599250 | 299625 | 238000 | 475030 | 116600 | 237515 | 120615 | 124220 | 183025 | 485 |

വികസന ഫണ്ടിൽ നിന്ന് 2014-15 ൽ അധികമായി 183025/- രൂപ പിൻവലിച്ച് തനതുഫണ്ടിൽ നിക്ഷേപിച്ചത് ധന വിനിയോഗ മാർഗ്ഗ നിർദ്ദേശങ്ങൾക്കു വിരുദ്ധമാണ്.(ജി.ഒ(പി).നം.177/06/ധന;12.04.2006) .ഈ തുക തിരികെ കൺസോളിഡേറ്റഡ് ഫണ്ടിൽ നാളിതു വരെ അടവാക്കിയിട്ടില്ല.2014-15 ൽ 97 ഗുണഭോക്താക്കൾ മാത്രം ഗുണഭോക്തൃ വിഹിതം അടച്ചിരുന്നുള്ളൂ.എന്നിട്ടും 141 പേർക്കുള്ള വികസന ഫണ്ട് വിഹിതം മുൻകൂറായി പിൻവലിച്ചത് അംഗീകരിക്കാനാവില്ല.2015-16 ൽ ഈ തുകയിൽ നിന്നും 120615/- രൂപ കൂടി ചെലവഴിച്ചിട്ടുള്ളത് ക്രമപ്രകാരമല്ല. 120615/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

വികസന ഫണ്ടിൽ നിന്നുള്ള അഡ്വാൻസ് തുകയും ശുചിത്വ മിഷൻ വിഹിതവും തിരികെ അടവാക്കേണ്ടതും ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കൾക്ക് തിരികെ നൽകേണ്ടതുമാണ്.

## (3-6) തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കാനായി 10.28 ലക്ഷം രൂപ അടവാക്കിയെങ്കിലും KSEB മീറ്ററുകൾ സ്ഥാപിച്ചില്ല.

2015-16 ൽ കലഞ്ഞൂർ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് KSEB യ്ക്ക് 1028200/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല.

| പ്രൊജക്ട് നം/പേര് | ഫണ്ടിനം | ചെലവഴിച്ച തുക | DD നം/തീയതി | മീറ്റർ സ്ഥാപിക്കുന്ന ട്രാൻസ്ഫോർമറുകളുടെ എണ്ണം | KSEB സെക്ഷൻ |
|---|---|---|---|---|---|
| 325/16,പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | ധനകാര്യ കമ്മീഷൻ-1000000/- തനതുഫണ്ട്-31800/- | 678400/- | 433400/ 26.01.2016 | 64 | ഇലക്ട്രിക് സെക്ഷൻ,കലഞ്ഞൂർ |
| | | 159000/- | 418821/ 06.02.2016 | 15 | ഇലക്ട്രിക് സെക്ഷൻ, പത്തനാപുരം |
| | | 159000/- | 420426/ 16.03.2016 | 15 | ഇലക്ട്രിക് സെക്ഷൻ,വകയാർ |
| | | 31800/- (തനതു ഫണ്ട്) | 127837/ 31.03.2016 | 3 | |
| ആകെ | | 1028200/- | | 97 | |

വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കു (നം.17,തീയതി;13.12.2016) മറുപടിയായി

കലഞ്ഞൂർ സെക്ഷൻ പരിധിയിൽ മീറ്ററുകൾ KSEB സ്ഥാപിച്ചു തുടങ്ങിയതായി സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.മേൽ പ്രവൃത്തികൾ പൂർത്തീകരിച്ച് ആയതിന്റെ വിവരവും പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.അതു വരെ ചെലവ് തുക 1028200/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## (3-7) നിലവിലില്ലാത്ത തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് ഒടുക്കുന്നു;പ്രതിവർഷ നഷ്ടം 6.29 ലക്ഷം രൂപ

തെരുവ് വിളക്കുകളുടെ പ്രതിമാസ വൈദ്യുതി ചാർജ് 2015-16 വർഷം 161926/ രൂപയായിരുന്നു. ഇതിനാനുപാതികമായ ചാർജ് ഷീറ്റ് കെ.എസ്.ഇ.ബി കലഞ്ഞൂർ സെക്ഷനിൽ നിന്നും ഇലക്ട്രിക്കൽ സെക്ഷനിൽ നിന്ന് ലഭ്യമാക്കിയത് പരിശോധിച്ചതിൽ നിരക്ക് കണക്കാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| തെരുവ് വിളക്കിന്റെ ഇനം | വാട്ട് | എണ്ണം | പ്രതിമാസ നിരക്ക് (പ്രതിദിനം 12 മണിക്കൂർ വിളക്കുകൾ പ്രകാശിപ്പിക്കുന്നതിന് ഒരു വിളക്കിന്റെ നിരക്ക്) | ആകെ |
|---|---|---|---|---|
| ഓർഡിനറി ബൾബ് | 40 | 513 | 61/- | 31293 |
| ഓർഡിനറി ബൾബ് | 60 | 3 | 94/- | 470 |
| ഫ്ലൂറസെന്റ് ട്യൂബ് | 2x40 | 534 | 124- | 66216 |
| ഫ്ലൂറസെന്റ് ട്യൂബ് | 40 | 486 | 61 | 29646 |
| സോഡിയം വേപ്പർ ലാംപ് | 250 | 49 | 414 | 20286 |
| മെർക്കുറി ലാംപ് | 250 | 1 | 414 | 414 |
| സി.എഫ്.എൽ(single) | 11 | 477 | 7 | 3339 |
| സി.എഫ്.എൽ(double) | 22 | 733 | 14 | 10262 |
| ആകെ | | | | 161926 |

ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ 3 വർഷമായി ഓർഡിനറി ബൾബുകൾ , സോഡിയം വേപ്പർ ലാംപുകൾ എന്നിവ വാങ്ങിയിട്ടില്ല. പകരം സി.എഫ്.എൽ, ഫ്ലൂറസെന്റ് ട്യൂബ് എന്നിവയാണ് വാങ്ങിയിട്ടുള്ളത്. ഓർഡിനറി ബൾബുകളുടെ ശരാശരി കാലാവധി 1000 മണിക്കൂറാണ്. വർഷങ്ങളായി ഓർഡിനറി ബൾബുകൾ വാങ്ങിയിട്ടില്ലാത്തതിനാൽ ഇവ നിലവിലില്ല എന്നുറപ്പാക്കാവുന്നതാണ്. വർഷങ്ങളായി വാങ്ങാത്തതിനാൽ 49സോഡിയം വേപ്പർ ലാംപുകൾ, മെർക്കുറി വിളക്ക് എന്നിവയും ഗ്രാമപഞ്ചായത്ത് പരിധിയിലുണ്ടാകാൻ സാധ്യതയില്ല. ഇത്തരത്തിൽ ഉപയോഗിക്കാത്ത തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ പ്രതിമാസം അധികം നൽകുന്നത് 52463 രൂപയാണ്. അതായത് പ്രതിവർഷം 629556രൂപ നഷ്ടപ്പെടുന്നു.

മീറ്റർ അടിയന്തിരമായി സ്ഥാപിക്കുന്നത് വഴി വൈദ്യുതി ചാർജ് ശാസ്ത്രീയമായി പുനർനിർണ്ണയിച്ച് ഈയിനത്തിലെ ദുർവ്യയം ഒഴിവാക്കേണ്ടതാണ്.

## (3-8) പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന എസ്.സി വിദ്യാർത്ഥിയ്ക്ക് ധനസഹായം നൽകിയതിൽ ഇരട്ടിപ്പ്

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 വർഷം നടപ്പിലാക്കിയ ഉന്നതവിദ്യാഭ്യാസം ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി അശ്വതി എം.ബി (അഖിൽ ഭവനം, കൂടൽ) എന്ന വിദ്യാർത്ഥിനിയ്ക്ക് 25000/ രൂപ ധനസഹായം നൽകിയിട്ടുണ്ട്(ഡി.ഡി നമ്പർ 426189/29.3.2016). കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയിൽ ബി.എസ്.സി -എം.എസ്.സി ഇന്റർഗ്രേറ്റഡ് ബയോടെക്നോളജി കോഴ്സിൽ ആറാം സെമസ്റ്റർ വിദ്യാർത്ഥിനിയായ കുമാരി അശ്വതിയ്ക്ക് 2014-15 വർഷം പറക്കോട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ നിന്നും 25000/ രൂപ ധനസഹായം ലഭിച്ചിരുന്നു. പട്ടിക ജാതി വികസന വകുപ്പിൽ നിന്നും ധന സഹായം ലഭിച്ച വിദ്യാർത്ഥിനിയ്ക്ക്

അതേ കോഴ്സിന് ഗ്രാമ പഞ്ചായത്തിൽ നിന്നും വീണ്ടും ധനസഹായത്തിന് അർഹതയില്ല. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ-ഓർഡിനേഷൻ സമിതിയുടെ 24.02.2016ലെ യോഗത്തിലും പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന എസ്.സി/എസ്.റ്റി വിദ്യാർത്ഥികൾക്ക് ഒരു കോഴ്സിന് ഒരു തവണ മാത്രം ധനസഹായം നൽകിയാൽ മതിയെന്ന് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ 25000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും പ്രസ്തുത തുക ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## (3-9) മീഡിയാശ്രീ - പണം കൈമാറി; പദ്ധതി നടപ്പായില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 വർഷം നടപ്പിലാക്കിയ 'മീഡിയാശ്രീ (276/16) എന്ന പ്രോജക്ട് പ്രകാരം 65000രൂപ ജില്ലാ കുടുംബശ്രീ സംസ്ഥാന മിഷന് നൽകിയെങ്കിലും പദ്ധതി നാളിതുവരെ നടപ്പിലായിട്ടില്ല (ഡി.ഡി.നമ്പർ 429541/30.7.15).

കുടുംബശ്രീ സംസ്ഥാന മിഷന്റെ 'മീഡിയാശ്രീ' പദ്ധതിയുടെ ഭാഗമായി കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനവും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററിയാക്കുന്നതിനാണ് 20.03.2015ലെ സ.ഉ(സാധാ.) 813/2015/തസ്വഭവ പ്രകാരം സംസ്ഥാന മിഷൻ കോ ഓർഡിനേറ്ററുടെ പേരിൽ ഡിഡിയെടുത്ത് ജില്ലാ മിഷൻ കോ ഓർഡിനേറ്റർക്ക് കൈമാറിയിട്ടുള്ളത്. സെക്രട്ടറിയും ജില്ലാ മിഷൻ കോ ഓർഡിനേറ്ററുമായി ഏർപ്പെട്ടിട്ടുള്ള കരാറിന്റെ(തീയതി രേഖപ്പെടുത്തിയിട്ടില്ല) രണ്ടാമത്തെ വ്യവസ്ഥ പ്രകാരം, 'ഡോക്യുമെന്ററിയുടെ തിരക്കഥ അംഗീകരിച്ച കത്തും തുകയും ലഭിച്ച് കഴിഞ്ഞ് 60 ദിവസത്തിനകം ഡോക്യുമെന്ററി ചിത്രത്തിന്റെ 10 പകർപ്പ് നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ഡോക്യുമെന്റേഷന് ആവശ്യമായ വിവരങ്ങളും ആവശ്യപ്പെട്ട തുകയും ഗ്രാമപഞ്ചായത്ത് കൈമാറിയെങ്കിലും തുടർ നടപടികൾ ഒന്നും ഉണ്ടായതായി കാണുന്നില്ല. പദ്ധതി നാളിതുവരെ നടപ്പിലാകാത്ത സാഹചര്യത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## (3-10) ഐ.എ.വൈ. ധനസഹായം (എസ്.സി.പി) ; വിനിയോഗരേഖ ഹാജരാക്കിയില്ല

2015-16 വർഷം ഐ.എ.വൈ. ഭവന പദ്ധതിക്ക് എഗ്രിമെന്റ് വച്ച 28 എസ്.സി.പി. ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നൽകുന്നതിനായി പ്രത്യേക ഘടക പദ്ധതി ഫണ്ടിൽ നിന്നും 1150000/- രൂപ പറക്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. (ഡി.ഡി നമ്പർ 430338/18.8.15). ഐ.എ.വൈ പദ്ധതിയ്ക്ക് ഗ്രാമപഞ്ചായത്ത് വിഹിതമായി നിശ്ചയിച്ചിരിക്കുന്നത് 20000/രൂപയാണ്. 28ഗുണഭോക്താക്കൾക്ക് ആകെ ഗ്രാമപഞ്ചായത്ത് വിഹിതമായി നൽകേണ്ടത് 560000/ രൂപയാണ്. അതിനുപകരം 1150000 രൂപ ഗ്രാമപഞ്ചായത്ത് നൽകിയെങ്കിലും വിനിയോഗ രേഖകൾ ലഭിക്കാത്തതിനാൽ ഗ്രാമപഞ്ചായത്ത് വിഹിതമായി നൽകിയ തുക ഏതെല്ലാം ഇനങ്ങളിലാണ് ചെലവഴിച്ചത് എന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല. വിനിയോഗ രേഖകളുടെ അഭാവത്തിൽ 1150000/രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## (3-11) പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് പഠനോപകരണങ്ങൾ- പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 വർഷം നടപ്പിലാക്കിയ പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് പഠനോപകരണങ്ങൾ (290/16) എന്ന പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്ത് നിവാസികളായ 125 കുട്ടികൾക്ക് സിഡ്കോയിൽ നിന്ന് മേശയും (40x20x30)' പ്ലാസ്റ്റിക് കസേരയും വാങ്ങി സ്കൂൾ അധികൃതർ മുഖേന നൽകിയിട്ടുണ്ട്. ചെലവിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | യൂണിറ്റ് വില | വാങ്ങിയ എണ്ണം | ആകെ വില (14.5% വാറ്റ് ഉൾപ്പടെ) |
|---|---|---|---|
| Steel table with 1 drawer & 1 cupboard, NovzpanTop | 3043/ | 125 | 435530 |

| | | | |
|---|---|---|---|
| (40x20x30) | | | |
| Plastic chair with arm | 450/ | 125 | 64406.25 |
| ആകെ | | | 499936 |

ഉപകരണങ്ങളുടെ വിലയായി 499936/-രൂപ പരുമല സിഡ്കോ ട്രേഡ് സെന്ററിന് നൽകിയിട്ടുണ്ട്(ഡി.ഡി.നമ്പർ 431557/30.09.2015). പ്രോജക്ട് നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) പട്ടികജാതി വികസന വകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് ഉറപ്പാക്കിയിട്ടില്ല.

2) പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ പ്രകാരം മേശയും കസേരയും (സ്റ്റീൽ/മരം) മാത്രമേ വാങ്ങി നൽകുവാൻ അനുമതിയുള്ളൂ. ആയതിന് വിരുദ്ധമായാണ് പ്ലാസ്റ്റിക് കസേരകൾ വാങ്ങി നൽകിയിട്ടുള്ളത്. മാത്രമല്ല ടെണ്ടർ കൂടാതെ സിഡ്കോയിൽ നിന്നും പ്ലാസ്റ്റിക് ഫർണിച്ചറുകൾ വാങ്ങുന്നതിനും അനുമതിയില്ല.
3) സ്റ്റോർ പർച്ചേസ് നിയമത്തിന് ഇളവ് വരുത്തി ജി.ഒ(ആർ.ടി)74/14/എസ്.പി.ഡി/19.12.14 പ്രകാരം സിഡ്കോയിൽ നിന്നും ടെണ്ടർ കൂടാതെ സ്റ്റീൽ ഫർണിച്ചറുകൾ വാങ്ങുന്നതിന് അനുമതി നൽകിയിരുന്നു.ഈ ഉത്തരവിന് അനുബന്ധമായി നൽകിയിരിക്കുന്ന പ്രൈസ് ലിസ്റ്റ് പ്രകാരം 36x18x30(20G-2830/,22G-2532/-),48x24x30(22G-3593.70,20G-4048.36) എന്നിങ്ങനെയാണ് വില നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത (40x20x30)'വലിപ്പമുള്ള ടേബിളാണ് 3043/ രൂപയ്ക്ക് സിഡ്കോ നൽകിയിരിക്കുന്നത്. സിഡ്കോ സമർപ്പിച്ച പ്രൊഫോർമ ഇൻവോയിസിലോ ബില്ലിലോ ടേബിളിന്റെ ഗേജ് എത്രയാണ് എന്ന് രേഖപ്പെടുത്തിയിരുന്നില്ല. ഗേജ് കൂടുംതോറും ഉപകരണത്തിന്റെ കനം കുറയുമെന്നതിനാൽ ഗുണനിലവാരം ഉറപ്പുവരുത്താതെയാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. പ്രൊക്യൂർമെന്റ് കമ്മിറ്റി വാങ്ങൽ നടപടിക്രമങ്ങൾ പരിശോധിക്കുകയോ ഗുണനിലവാരം ഉറപ്പുവരുത്തുകയോ ചെയ്തിട്ടില്ല.

അപാകതകളുടെ അടിസ്ഥാനത്തിൽ പ്രോജക്ടിനായി ചെലവഴിച്ച 499936/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## (3-12) ഉന്നതപഠനം നടത്തുന്ന എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്- പട്ടികജാതി വികസന വകുപ്പ് മുഖേന ആനുകൂല്യം ലഭിച്ചിട്ടില്ല എന്നുറപ്പുവരുത്തിയില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 വർഷം ഉന്നതപഠനം നടത്തുന്ന എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിനായി 4ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ചിരുന്നു. ഗ്രാമസഭ തെരഞ്ഞെടുത്ത, പ്രാഫഷണൽ കോഴ്സിനു പഠിക്കുന്ന 10 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകിയിട്ടുണ്ട്. ടെണ്ടർ ക്ഷണിച്ച് ഹരി ഗ്ലോബൽ ലിങ്ക് ചെങ്ങന്നൂർ എന്ന സ്ഥാപനത്തിൽ നിന്നും ASPIRE ES1-512 മോഡൽ ലാപ്ടോപ്പ് ഒന്നിന് 39500രൂപ ക്രമത്തിൽ വാങ്ങിയിട്ടുണ്ട് (ആകെചെലവ്-395000/- ഡി.ഡി.നമ്പർ 431294/15.09.15). ഇതേ പ്രോജക്ട് ജില്ലാ/ ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതിയുടെ ഭാഗമായി പട്ടികജാതി വികസന വകുപ്പ് മുഖേനയും നടപ്പിലാക്കുന്നുണ്ട്. എന്നാൽ പട്ടികജാതി വികസന വകുപ്പ് മുഖേന ധനസഹായം ലഭിച്ചിട്ടില്ല എന്നുറപ്പാക്കാതെയാണ് ആനുകൂല്യം നൽകിയത്. ലാപ്ടോപ്പ് നൽകിയ വിദ്യാർത്ഥികളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വിദ്യാർത്ഥികളുടെ പേരും മേൽവിലാസവും |
|---|---|
| 1 | മാളു കൃഷ്ണൻ, ചരുവിള വീട്,കലഞ്ഞൂർ |
| 2 | ലക്ഷ്മി ആർ, ചരുവിള വീട്, പെരുന്താളൂർ |
| 3 | അഞ്ജലി.ആർ,പല്ലന്നിൽ പടിഞ്ഞാറ്റേതിൽ,നെല്ലിമുരുപ്പ് |
| 4 | നീതു രമേശ്, നീതു ഭവനം, പാലമല |
| 5 | ഇന്ദുജൻ.എസ്, ജെ.ബി കോട്ടേജ്, നെടുമൺകാവ്(പി.ഒ) |

| | |
|---|---|
| 6 | ആര്യ ജി., പാലമല കൊച്ചുവീട്,കലഞ്ഞൂർ |
| 7 | നിഖിൽ യശോധരൻ, നിഖിൽ ഭവനം, കൂടൽ |
| 8 | സിനി രവീന്ദ്രൻ, ഇടയിലെ പുരയിൽ, കലഞ്ഞൂർ |
| 9 | അലോഹ എസ്. വി, പിങ്കു കോട്ടേജ് |
| 10 | ശ്രീരാജ്, കുറ്റിക്കാട്ടിൽ പടിഞ്ഞാറ്റേതിൽ, കൂടൽ |

പ്രോജക്ടിനായി ചെലവഴിച്ച 395000/ രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പട്ടികജാതി വികസന വകുപ്പിൽ നിന്നും ആനുകൂല്യം നൽകിയിട്ടില്ലെന്ന സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## (3-13 ) കാഞ്ഞിരം മുകൾ കുടിവെള്ള പദ്ധതി; തിരികെ ലഭിക്കാനുള്ളത് 4.3 ലക്ഷം രൂപ

2013-14, 2014-15 വർഷങ്ങളിലായി 46ലക്ഷം രൂപ കാഞ്ഞിരമുകൾ കുടിവെള്ള പദ്ധതിയ്ക്കായി വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിരുന്നു. പദ്ധതി പൂർത്തീകരിച്ചതിനു ശേഷം വാട്ടർ അതോറിറ്റി ഹാജരാക്കിയ വിനിയോഗ സാക്ഷ്യപത്രം പ്രകാരം 4168987/ രൂപയാണ് പ്രോജക്ടിനായി ചെലവഴിച്ചത്. 431013/രൂപ വാട്ടർ അതോറിറ്റിയുടെ കൈവശം ചെലവഴിക്കാതെ ബാക്കിയുള്ളതായി കാണുന്നു. പ്രോജക്ടിന്റെ എം ബുക്കിന്റെ പകർപ്പ് വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കി അസിസ്റ്റന്റ് എൻജിനീയർ പരിശോധിക്കേണ്ടതും നീക്കിയിരിപ്പ് തുക പലിശ സഹിതം തിരികെ വാങ്ങാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## (3-14) സാമൂഹ്യനീതി വകുപ്പിന്റെ പദ്ധതി നടപ്പിലാക്കിയത് ഹെഡ്മിസ്ട്രസ്

2015-16 വർഷം 200000രൂപ അടങ്കൽ വകയിരുത്തി ഗ്രാമപഞ്ചായത്തിൽ 'ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് ' എന്ന പദ്ധതിയുടെ നിർവ്വഹണം നടത്തിയത് ഗവ.എൽ.പി.സ്കൂളിലെ ഹെഡ് മിസ്ട്രസാണ് (ചെലവ് - 200000രൂപ). മുൻ വർഷങ്ങളിലും ടി പദ്ധതി നടപ്പാക്കിയത് ഗവ.എൽ.പി.സ്കൂളിലെ ഹെഡ്മിസ്ട്രസാണ്. നിർവ്വഹണച്ചുമതല വഹിക്കാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ലഭ്യമായിരിക്കേ വിദ്യാഭ്യാസ മേഖലയിലെ ചുമതലയുള്ള ഹെഡ്മിസ്ട്രസിന് ചുമതല നൽകിയത് ക്രമവിരുദ്ധമായ നടപടിയാണ്. സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ നടത്തിവരുന്ന ശിശുക്ഷേമപദ്ധതികൾ, സ്കോളർഷിപ്പുകൾ മുതലായവ എല്ലാം 30.11.1996ലെ ജി.ഒ.(പി) നം.37/196-ാം നമ്പർ ഉത്തരവ് മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. ഇതുപ്രകാരം, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പുകൾക്കായുള്ള പദ്ധതി നടപ്പിലാക്കേണ്ട ചുമതല ഐ.സി.ഡി.എസ് സൂപ്പർവൈസർക്കാണ്. അതത് മേഖലകളിലെ ഉദ്യോഗസ്ഥരുടെ വിഷയ വൈദഗ്ധ്യം, പ്രവർത്തന പരിചയം എന്നിവ ഉപയോഗപ്പെടുത്തി, പദ്ധതി നിർവ്വഹണത്തിലെ ഫലപ്രാപ്തി ഉറപ്പുവരുത്തുന്നതിനാണ് സർക്കാർ ഇപ്രകാരം പദ്ധതി നിർവ്വഹണച്ചുമതല നിശ്ചയിച്ചിരിക്കുന്നത്. പദ്ധതി നിർവ്വഹണത്തിലുണ്ടായ ഇപ്രകാരമുള്ള വീഴ്ച ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## (3-15) ഭക്ഷണ വിതരണ പ്രോജക്ടിന് തനത്ഫണ്ട് വകയിരുത്തി

2015-16 സാമ്പത്തിക വർഷം എച്ച്.എം നിർവഹണ ഉദ്യോഗസ്ഥയായി തനത്ഫണ്ടിൽ നിന്നും 50000/ രൂപ വകയിരുത്തി പഠനവീട് പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയിട്ടുണ്ട്.പദ്ധതിയുടെ ഭാഗമായി 50000/-രൂപയും പഠനവീട്ടിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ലഘുഭക്ഷണം വാങ്ങുന്നതിനായിരുന്നു ചെലവഴിച്ചത്. ശിശുവികസന പരിപാടിയുടെ ഭാഗമായുള്ള പോഷകാഹാര പ്രോജക്ടുകൾ, ആശ്രയ-അഗതി പുനരധിവാസ പദ്ധതിയുടെ ഭാഗമായുള്ള ഭക്ഷ്യധാന്യ വിതരണ പ്രോജക്ടുകൾ എന്നിവ അല്ലാതെ വികസനഫണ്ട് /തനത്ഫണ്ട് വിനിയോഗിച്ച് ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിനുള്ള മറ്റ് പ്രോജക്ടുകൾ തദ്ദേശ സ്ഥാപനങ്ങൾ നടപ്പാക്കാൻ പാടില്ല എന്ന് ത.സ്വ.ഭ.വ ന്റെ 10.11.2008ലെ 71413/ഡി.ബി. /2008 ആം നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിരുന്നതാണ്.സർക്കാർ ഉത്തരവിന് വിരുദ്ധമായി തനത്ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് പദ്ധതി നടപ്പാക്കിയത് ക്രമവിരുദ്ധമായ നടപടിയാണ്. സർക്കാർ ഉത്തരവിന് വിരുദ്ധമായി യഥേഷ്ടാനുമതിയില്ലാതെ ചെലവഴിച്ച 50000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## (3-16) പത്താംതരം തുല്യതാ പഠനം-ആവശ്യത്തിലധികം തുക സാക്ഷരതാ മിഷന് കൈമാറി

2015-16 വർഷം എച്ച്.എം നിർവഹണ ഉദ്യോഗസ്ഥയായി വികസനഫണ്ടിൽ നിന്നും 50000/രൂപ വകയിരുത്തി പത്താംതരം തുല്യതാ പഠനം-പഠിതാക്കൾക്ക് ഫീസ് നൽകൽ പദ്ധതിയ്ക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിരുന്നു . പദ്ധതിയുടെ ഭാഗമായി 18 പേർക്ക് 2100/-രൂപ വീതം ആകെ 37800/- രൂപ (ഡി.ഡി.നം.420768/24.03.16) സാക്ഷരതാ മിഷൻ ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട 6 വിദ്യാർത്ഥികളുടെ ഫീസ് ഉൾപ്പെടെയുള്ള തുകയാണ് സാക്ഷരതാ മിഷനിൽ അടവാക്കിയിട്ടുള്ളത്. പത്താംതരം തുല്യതാ കോഴ്സിന്റെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പഠിതാക്കളുടെ കോഴ്സ് ഫീസ്,പരീക്ഷാഫീസ് എന്നിവ പട്ടികജാതി വികസന വകുപ്പ് നൽകുന്നതിനാൽ തദ്ദേശ ഭരണ സ്ഥാപനം നൽകേണ്ടതില്ല.(സർക്കുലർ നം.48360/എഫ്.എം-1/2009/ത.സ്വ.ഭ.വ 06.10.2009).പട്ടികജാതി വിഭാഗത്തിൽപ്പെട്ട പഠിതാക്കളുടെ ഫീസ് ബന്ധപ്പെട്ട വകുപ്പിൽ നിന്നും അടയ്ക്കുന്നുണ്ടെന്ന് പഞ്ചായത്ത് ഉറപ്പ് വരുത്തേണ്ടതാണ്. അപാകത ചൂണ്ടിക്കാണിച്ചു നൽകിയ അന്വേഷണക്കുറിപ്പിന് പട്ടികജാതി വികസന വകുപ്പിൽ നിന്നും ഫീസ് അടവാക്കിയിട്ടില്ലായെന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രമേ ഭാവിയിൽ തുക കൈമാറൂയെന്ന് മറുപടി നൽകിയിട്ടുണ്ട്.ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## (3-17) വെറ്ററിനറി സർജന്റെ സാക്ഷ്യപത്രം ഇല്ലാതെ സബ്സിഡി ആനുകൂല്യം നൽകി

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 സാമ്പത്തിക വർഷം പുതിയ കാലിത്തൊഴുത്ത് നിർമ്മാണത്തിനായി 2 പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു.പ്രോജക്ട് നം.273/15-16(ജനറൽ) പ്രകാരം 90000 രൂപയും പ്രോജക്ട് നം.274/15-16(എസ്.സി) പ്രകാരം 40000/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി ആകെ 13 പേർക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. പുതിയ കാലിത്തൊഴുത്ത് നിർമ്മാണത്തിന് സബ്സിഡി നൽകുമ്പോൾ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഇതേ സർവ്വെ നമ്പരിൽ ഇതേ പുരയിടത്തിൽ കാലിത്തൊഴുത്ത് നിർമ്മാണത്തിന് സബ്സിഡി നൽകിയിട്ടില്ലയെന്ന് വെറ്ററിനറി സർജൻ സർട്ടിഫൈ ചെയ്യണം എന്ന് സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിരുന്നു. എന്നാൽ സാക്ഷ്യപത്രം നൽകാതെയാണ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത്. ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നൽകിയ പ്രോജക്ടിലും വെറ്ററിനറി സർജന്റെ സാക്ഷ്യപത്രം വേണമെന്ന നിബന്ധന ഉൾപ്പെടുത്തിയിരുന്നില്ല. തൻമൂലം ഗുണഭോക്താക്കൾക്ക് ഒന്നിലധികം തവണ ആനുകൂല്യം ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്താൻ കഴിയുന്നില്ല. സബ്സിഡി മാർഗ്ഗരേഖയിലെ മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയ ശേഷമേ ആനുകൂല്യം നല്കാൻ പാടുള്ളൂ. അപാകത ശ്രദ്ധയിൽപെടുത്തുന്നു.

## (3-18) ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനും സ്ട്രീറ്റ് ലൈൻ സ്ഥാപിക്കുന്നതിനും KSEB യ്ക്ക് 6 ലക്ഷം രൂപ നൽകി.പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല.

2015-16 ൽ കലഞ്ഞൂർ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനും സ്ട്രീറ്റ് ലൈൻ സ്ഥാപിക്കുന്നതിനും KSEB യ്ക്ക് തുക നൽകിയിട്ടുണ്ട്.എന്നാൽ പൂർത്തീകരണ വിവരങ്ങളില്ല.

| പ്രൊജക്ട് നം/പേര് | ഫണ്ടിനം | ചെലവഴിച്ച തുക | DD നം/തീയതി | KSEB സെക്ഷൻ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 264/16,പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | വികസന ഫണ്ട്-250000/-, ധനകാര്യ കമ്മീഷൻ-100000/- | 6900/- | 4318521/ 07.10.2015 | ഇലക്ട്രിക് സെക്ഷൻ,വകയാർ |
| | ആകെ-350000/- | 30936/- | 420431/16.03.2016 | ഇലക്ട്രിക് സെക്ഷൻ,പത്തനാപുരം |
| | | 183241/- | 420430/16.03.2016 | ഇലക്ട്രിക് സെക്ഷൻ,ഏഴംകുളം |
| 324/16,സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | വികസന ഫണ്ട്-380000/- | 379400/- | 421087/ 29.03.2016 | ഇലക്ട്രിക് സെക്ഷൻ,പത്തനാപുരം |
| ആകെ | | 600477/- | | |

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ച് ആയതിന്റെ വിവരവും പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അതു വരെ ചെലവ് തുക 600477/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## (3-19) PWD ഇലക്ട്രിക്കൽ വിംഗ് മുഖേന നടപ്പാക്കുന്ന വിവിധ വൈദ്യുതീകരണ പ്രവൃത്തികളുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല.

2015-16 ൽ കലഞ്ഞൂർ ഗ്രാമ പഞ്ചായത്തിൽ PWD ഇലക്ട്രിക്കൽ വിംഗ്,പത്തനംതിട്ട മുഖേന നടപ്പാക്കുന്ന വിവിധ വൈദ്യുതീകരണ പ്രവൃത്തികൾക്കായി താഴെ പറയുന്ന തുക ചെലാൻ മുഖേന അടവാക്കിയിട്ടുണ്ട്. 2015-16 ൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടത്തുന്ന ഡെപ്പോസിറ്റ് പ്രവത്തികൾക്ക് തുക ട്രഷറിയിൽ അടയ്ക്കാൻ സർക്കാർ നിർദ്ദേശമുണ്ടായിരുന്നു.

| ക്രമ നം | പ്രൊജക്ട് നം/പേര് | ഫണ്ടിനം | തുക | ചെലാൻ നം/തീയതി |
|---|---|---|---|---|
| 1 | 296/15-16,ICDP സബ് സെന്റർ വൈദ്യുതീകരണം | ധനകാര്യ കമ്മീഷൻ അവാർഡ് | 30000/- | 546/03.06.2016 |
| 2 | 297/15-16,കൂടൽ ഷോപ്പിംഗ് കോംപ്ലക്സ് വൈദ്യുതീകരണം | ധനകാര്യ കമ്മീഷൻ അവാർഡ് | 99760/- | 544/03.06.2016 |
| 3 | 305/15-16,കലഞ്ഞൂർ മാർക്കറ്റ് വനിതാ കേന്ദ്രം വൈദ്യുതീകരണം | ധനകാര്യ കമ്മീഷൻ അവാർഡ് | 145000/- | 540/03.06.2016 |
| 4 | 306/15-16,കൂടൽ മാർക്കറ്റ് വനിതാ കേന്ദ്രം വൈദ്യുതീകരണം | ധനകാര്യ കമ്മീഷൻ അവാർഡ് | 84680/- | 548/03.06.2016 |
| 5 | 307/15-16,കൂടൽ സ്റ്റേഡിയം | ധനകാര്യ കമ്മീഷൻ | 40000/- | 539/03.06.2016 |

| | | | | |
|---|---|---|---|---|
| | വൈദ്യുതീകരണം | അവാർഡ് | | |
| | ആകെ | | 399440/- | |

പ്രൊജക്റ്റ് നം 296/16 ൽ ഒടുക്കേണ്ട ബാലൻസ് തുക 7700/- രൂപയും പ്രൊജക്റ്റ് നം 307/16 ൽ ഒടുക്കേണ്ട ബാലൻസ് തുക 6000/- രൂപയും അടവാക്കാൻ 2016-17 ൽ പ്രൊജക്റ്റ് വച്ച് PWD യ്ക്ക് നൽകിയിട്ടുണ്ട് (പ്രൊജക്റ്റ് നം.117/17,118/17). ടെണ്ടർ നടപടികൾ PWD പൂർത്തിയാക്കുകയും വയറിംഗ് പ്രവൃത്തികൾ ആരംഭിച്ചതായും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.മേൽ പ്രവൃത്തികൾ പൂർത്തീകരിച്ച് ആയതിന്റെ വിവരവും പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.അതു വരെ ചെലവ് തുക 399440/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## (3-20) റോഡ് കോൺക്രീറ്റിംഗിന് സിമന്റ് വാങ്ങിയതിന് കൺവീനർമ്മാർ സമർപ്പിച്ച ബില്ലുകളിൽ നിന്നും അധികമായി നിരക്ക് നൽകി.

2015-16 ൽ കലഞ്ഞൂർ ഗ്രാമ പഞ്ചായത്തിൽ Public Works(H) Department ന്റെ 17.04.2013 ലെ G.O(P) No.36/2013/PWD ഉത്തരവ് പ്രകാരം CPWD Data (Central Public Works Department,Delhi Schedule Rate) പ്രാബല്യത്തിലാക്കിയിരുന്നു.ഇതു പ്രകാരമാണ് അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കുകയും കൺവീനർമ്മാർക്ക് ഫൈനൽ ബിൽ തുക നൽകുകയും ചെയ്തിട്ടുള്ളത്.CPWD,Analysis of rates-2014,Volume-1 പ്രകാരം 1:2:4/1:4:8 റോഡ് കോൺക്രീറ്റിംഗിന് (DSR Code:4.1.3,4.1.8,11.7) ഡാറ്റ പ്രകാരം സിമന്റിന് 6300/Tonne ആണ് നൽകിയിരിക്കുന്നത്.ഈ നിരക്കിന്റെ കൂടെ 40.95% Cost Index ഉം നൽകിയിട്ടുണ്ട്.

അതായത് 1 Kg Cement ന് നൽകിയ നിരക്ക് 8.88/-രൂപയാണ്.(6.3*40.95%).50 Kgയുള്ള ഒരു ബാഗ് സിമന്റിന് 444/- രൂപ നൽകിയിട്ടുണ്ട്.എന്നാൽ കൺവീനർമ്മാർ ഹാജരാക്കിയ ബില്ലുകൾ പ്രകാരം ശരാശരി 350/- രൂപയാണ് സിമന്റിന് ചെലവു വന്നിട്ടുള്ളത്.ഗുണഭോക്തൃ സമിതി മാർഗ്ഗരേഖയനുസരിച്ച് പ്രവൃത്തിമൂല്യതുകയോ എസ്റ്റിമേറ്റ് തുകയോ കൺവീനർക്ക് യഥാർത്ഥത്തിൽ ചെലവായ തുകയോ, ഇതിൽ ഏതാണ് കുറവ് എങ്കിൽ ആ തുകയ്ക്കു മാത്രമേ കൺവീനർക്ക് അർഹതയുള്ളൂ. കൺവീനർ ഹാജരാക്കിയ ബിൽ അനുസരിച്ച് സിമന്റിന്റെ വില എസ്റ്റിമേറ്റിനേക്കാൾ കുറവായ സാഹചര്യത്തിൽ കുറവായ തുകയ്ക്കു മാത്രമേ അർഹതയുള്ളൂ. എന്നാൽ എം ബുക്കിൽ സിമന്റിന്റെ വിലയ്ക്ക് ആനുപാതികമായ കുറവു വരുത്തിയിട്ടില്ല. ഇത് അംഗീകരിക്കാനാവില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. വിശദീകരണമാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20/15.12.2016) മറുപടി നൽകിയിട്ടില്ല.

| ക്രമ നം | പ്രവൃത്തിയുടെ പേര്/DD No/തീയതി/തുക | എം ബുക്ക് നം | 1:2:4/ 1:4:8 കോൺക്രീറ്റിംഗ് അളവ്,ആവശ്യമായ സിമന്റ് (m3*320, m3*170) | DSR പ്രകാരം നൽകിയ നിരക്ക് (Kg*8.88/-) | കൺവീനർമ്മാർ ഹാജരാക്കിയ ബിൽ പ്രകാരം സിമന്റിന്റെ വില,സ്ഥാപനം | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | 226/16,മടയത്തറ-പെരുന്താളൂർ റോഡ് കോൺക്രീറ്റിംഗ്. 184637/-, DD No:432195/ 15.10.2016 | 23/15-16 | 1:2:4-13.05m3 =4176Kg, 1:4:8-17.4m3 =2958Kg ആകെ-7134Kg | 7134*8.88 =63350/- | 59829/- (മാസ്റ്റേഴ്സ് ട്രേഡേഴ്സ്,കലഞ്ഞൂർ,Invoice no.563/12.08.2015) | 3521/- |
| 2 | 327/16,ലക്ഷം വീട് കോളനി-കാഷ്യൂ ഫാക്ടറി റോഡ് | 136/ 15-16 | 1:2:4-16.40m3 =5248Kg, 1:4:8-21.87m3 | 8966*9.18 =82309/- (*Cost | 65952/- (ചിത്രാ ഹാർഡ് വെയേഴ്സ്,നെടുമൺ, | 16357/- (ബിൽ പ്രകാരം 160 bag Cement മാത്രമാണ് |

| | | | | | | |
|---|---|---|---|---|---|---|
| | കോൺക്രീറ്റ്.<br>DD No:421972/<br>04.04.2016<br>231132/- | | =3718Kg<br>ആകെ-8966Kg | Index<br>45.71%) | Invoice no.1684/<br>29.02.2016) | ഉപയോഗിച്ചത്.20 bag കുറവാണ്. |
| 3 | 283/16,<br>കാരുവയൽ പ്ളാന്റേഷൻ റോഡ്<br>കോൺക്രീറ്റിംഗ്.<br>325055/-<br>DD No:432202/<br>15.10.2015 | 32 | 1:2:4-23m3<br>=7360Kg,<br>1:4:8-30.6m3<br>=5202Kg<br>ആകെ-12562Kg | 12562*8.88<br>=111551/- | നവ ഭാരത്ട്രേഡേഴ്സ്,കലഞ്ഞൂർ,Invoice no.216/24.08.2015-<br>18549/-<br>Invoice no.212/23.08.2015-<br>41220/-<br>Invoice no.215/25.08.2015-<br>24732/-<br>Invoice no.217/30.08.2015-<br>21434/-<br>ആകെ-<br>105935/- | 5616/- |
| 4 | 33/2016,<br>പുന്നമൂട്-കളനാഴിക്കോട് റോഡ്<br>കോൺക്രീറ്റിംഗ്.<br>272839/-,<br>DD No:434417/<br>30.12.2015<br>115834/-,<br>DD No:434451/<br>30.12.2015 | 37 | 1:2:4-27.45m3<br>=8784Kg,<br>1:4:8-36.6m3<br>=6222Kg<br>ആകെ-15006Kg | 15006*8.88<br>=133253/- | പൊന്നൂസ് ഹാർഡ് വെയേഴ്സ്,കൂടൽ<br>Invoice no.235/24.08.2015<br>-123000/- | 10253/- |
| 5 | 66/2015-16,<br>പല്ലാനിൽപ്പടി-ഇടിഞ്ഞകുഴി റോഡ്<br>കോൺക്രീറ്റിംഗ്.<br>368695/-,<br>DD No:419454/<br>22.02.2016 | 107 | 1:2:4-26.325m3<br>=8424Kg,<br>1:4:8-35.1m3<br>=5967Kg<br>ആകെ-14391Kg | 14391*8.88<br>=127792/- | പതിശ്ശേരിൽ എന്റർ പ്രൈസസ്,കൂടൽ<br>Invoice no.2753/06.01.2016<br>-41220/-,<br>Invoice no.2755/07.01.2016<br>-41220/-<br>Invoice no.2757/08.01.2016<br>-39571/- | 5781/- |

| | | | | | | |
|---|---|---|---|---|---|---|
| | | | | | ആകെ-<br>122011/- | |
| 6 | 32/16,<br>പുന്നമൂട് റോഡ് കോൺക്രീറ്റിംഗ്.<br>171417/-,<br>434431/<br>30.12.2015 | 38 | 1:2:4-28.57m3<br>=9142Kg,<br>1:4:8-38.1m3<br>=6477Kg<br>ആകെ-15619Kg | 15619*8.88<br>=138697/- | പൊന്നൂസ് ഹാർഡ് വെയേഴ്സ്,കൂടൽ<br>Invoice no.234/19.08.2015<br>-129970/- | 8727/- |
| | ആകെ | | | | | 50255/- |

ഇത്തരത്തിൽ അധിക നിരക്ക് നൽകിയ 50255/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.ഈ തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## (3-21) 1:2:4 റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകിയതു മൂലം ഗ്രാമപഞ്ചായത്തിന് 3.97 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചു.

